കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തെക്കും ഭാഗം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം

ഇ-മെയിൽ : doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

കെ.എസ്.എ/കെ.എൽ.എം. പി 2.1127/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ചിന്നക്കട, കൊല്ലം പിൻ - 691 001

Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി : 11.09.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം

പ്രസിഡന്റ് /സെക്രട്ടറി മുഖേന

തെക്കും ഭാഗം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:തെക്കും ഭാഗം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കും ഭാഗംഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ - ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ - ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

........AN.26.10.2018.........

കെ.എസ്.എ/കെ.എൽ.എം/പി 2-1127/2018

തീയതി : 11.09.2018

# കൊല്ലം ജില്ലയിലെ തെക്കും ഭാഗംഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെക്കും ഭാഗം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2017 മുതൽ 11.7.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | കെ.സജി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 03.07.2018 മുതൽ 12.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ബിജി വർഗീസ് ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി.സോണിയ .ജെ.സെബാസ്റ്റ്യൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.റ്റി.സിന്ധു അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.സുനിതാ സെബാസ്റ്റ്യൻ ഓഡിറ്റർ |

.

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.അനിൽ കുമാർ | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ. ജി.ശ്രീകുമാർ | 1.4.2017 മുതൽ 31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബി.ഷൈലജ<br>ശ്രീ.ജെ.സേവ്യർ | 1.4.2017 മുതൽ 14.6.2017വരെ<br>15.6.2017 മുതൽ 31.3.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അജ്മി.എച്ച്<br>ശ്രീ.സുരേഷ് | 1.4.2017 മുതൽ 21.6.2017വരെ<br>22.62017 മുതൽ 31.3.2018വരെ |
| വെറ്റിനറി സർജൻ | ശ്രീ.സാബു സേവ്യർ<br>ശ്രീ.ഷാജി റഹ്മാൻ | 1.4.2017 മുതൽ 2.6.2017വരെ<br>3.6.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.മാലതി<br>ഡോ.നിതിൻ ദേവ് | 1.4.2017 മുതൽ 28.5.2017വരെ<br>28.5.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.എ.സനിത | 1.4.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ജയശ്രീ | 1.4.2017 മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സവിത | 1.4.2017 മുതൽ 31.3.2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജോൺസൺ | 1.4.2017 മുതൽ 31.3.2018വരെ |
| വി.ഇ.ഒ 1 | ശ്രീമതി.സ്വാതി കൃഷ്ണ | 1.4.2017 മുതൽ 31.3.2018വരെ |
| വി.ഇ.ഒ 2 | ശ്രീമതി.വൃന്ദ കുമാരി | 1.4.2017 മുതൽ 31.3.2018വരെ |
| ഐ.സി.ഡി,എസ് സൂപ്പർ വൈസർ | ശ്രീമതി.ഗിരിജാ ദേവി | 1.4.2017 മുതൽ 31.3.2018വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം | |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ | |
| ഭാഗം 2 | | | |
| 13 | 2-1 | ആയുർവേദ ഫാർമസി റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | |
| ഭാഗം 3 | | | |
| 14 | 3-1 | വാളത്തിൽ റോഡ് നിർമ്മാണം - അപാകതകൾ | |
| 15 | 3-2 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | |
| 16 | 3-3 | ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല | |
| 17 | 3-4 | അർഹതയില്ലാത്ത കാലയളവിൽ തൊഴിൽരഹിത വേതനം നൽകി | |

| | | | |
|---|---|---|---|
| 18 | 3-5 | വെള്ളക്കര കുടിശ്ശിക വർദ്ധിക്കുന്നു | |
| 19 | 3-6 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | |
| 20 | 3-7 | മരുന്നുകൾ ലഭ്യമായില്ല | |
| ഭാഗം 4 | | | |
| 21 | 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 22 | 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | |
| 23 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 24 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 25 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 26 | 4-6 | ഓഡിറ്റ് റിക്കവറി | |
| 27 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 28 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | |
| 29 | 4-9 | ഓഡിറ്റ് പ്രത്യവലോകനം | |
| 30 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 31 | അനുബന്ധം-1 | | |

......

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 20.03.2017 ലെ 1(1)-ാം നമ്പർ തീരുമാനം |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 24.04.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.18 – 12.06.18 | കെ.എസ്.എ/കെ.എൽ.എം/ പി.2/1215/18/27.06.18 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 49,05,451 |
| വരവ് | ₹ 4,73,10,228 |
| ആകെ | ₹ 5,22,15,679 |
| ചെലവ് | ₹ 4,88,48,630 |
| നീക്കിയിരിപ്പ് | ₹ 33,67,049 |

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | ₹1,19,41,735 | ₹1,19,41,735 | ₹1,19,41,735 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | ₹26,33,550 | ₹26,33,550 | ₹26,33,550 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | ₹36,97,117 | ₹36,97,117 | ₹36,97,117 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | ₹30,02,921 | ₹30,02,921 | ₹30,02,921 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | ₹54,33,251 | ₹54,33,251 | ₹54,33,251 | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | ₹9,05,699 | ₹9,05,699 | ₹9,05,699 | |
| സാക്ഷരത | | | ₹48,600 | ₹48,600 | ₹48,600 | |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | ₹60,551 | ₹2,38,55,316 | ₹2,39,15,867 | ₹2,39,15,862 | 5 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | ₹5,230 | ₹10,97,604 | ₹11,02,834 | ₹10,93,315 | ₹9,519 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| റ്റി.എസ്.സി | | ₹67,000 | ₹1,82,972 | ₹2,49,972 | ₹1,02,060 | ₹1,47,912 |
| എസ്.എസ്.എ | | ₹68,280 | ₹1,589 | ₹69,869 | - | ₹69,869 |
| ഐ.സി.ഡി.എസ് | | ₹13,99,918 | ₹7,06,936 | ₹21,06,854 | - | ₹21,06,854 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | ₹19,50,000 | ₹19,50,000 | ₹16,50,000 | ₹3,00,000 |
| | ജില്ലാ പഞ്ചായത്ത് | | ₹11,88,000 | ₹11,88,000 | ₹6,21,880 | ₹5,66,120 |
| ബി ഫണ്ട് | | | ₹1,62,120 | ₹1,62,120 | ₹1,62,120 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | ₹36,99,014 | ₹29,72,006 | ₹66,71,020 | ₹36,79,540 | ₹29,91,480 |
| | ട്രഷറി അക്കൗണ്ട് | ₹11,30,240 | ₹78,94,302 | ₹90,24,542 | ₹87,40,899 | ₹2,83,643 |
| മറ്റിനം (ക്യാഷ് ഇൻ ഹാൻഡ്) | | ₹2,687 | ₹12538 | ₹15225 | ₹2687 | ₹12,538 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 138 | 118 | 3 | 17 | 85.5 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | ₹22,29,000 | ₹11,91,950 | 53 |
| വെറ്ററിനറി സർജൻ | 8 | 8 | ₹34,47,000 | ₹27,56,941 | 80 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 2 | 2 | ₹58,88,000 | ₹5,88,7999 | 99 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | ₹3,05,000 | ₹2,93,698 | 96 |
| മെഡിക്കൽ ഓഫീസർ ആയൂർവേദം | 7 | 7 | ₹6,90,000 | ₹6,81,758 | 99 |
| വി.ഇ.ഒ 1 | 5 | 4 | ₹20,70,000 | ₹17,52,000 | 85 |
| വി.ഇ.ഒ 2 | 7 | 5 | ₹45,33,000 | ₹23,48,000 | 52 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | ₹44,75,800 | ₹30,82,799 | 69 |
| ഹെഡ്മാസ്റ്റർ | 8 | 8 | ₹14,62,000 | ₹14,49,456 | 99 |
| ഡയറി ഫാം | 1 | 1 | ₹7,50,000 | ₹7,50,000 | 100 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്പെക്ടർ | | | | | |
| സെക്രട്ടറി | 14 | 12 | ₹29,17,125 | ₹24,25,988 | 83 |
| അസി.സെക്രട്ടറി | 5 | 5 | ₹19,43,750 | ₹18,91,800 | 97 |
| അസി.എഞ്ചിനീയർ | 61 | 51 | ₹1,78,02,179 | ₹1,13,71,099 | 64 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ- ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ₹ 5,230 | ₹10,97,604 | ₹11,02,834 | ₹10,93,315 | ₹9,519 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ₹60,551 | ₹2,38,55,316 | ₹2,39,15,867 | ₹2,39,15,867 | |

.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ₹72,120 | 137 |
| കർഷകതൊഴിലാളി പെൻഷൻ | ₹16,31,300 | 127 |
| വിധവാപെൻഷൻ | ₹58,21,800 | 685 |
| വാർദ്ധക്യകാലപെൻഷൻ | ₹63,59,000 | 594 |
| വികലാംഗപെൻഷൻ | ₹33,88,700 | 288 |
| അവിവാഹിതരായ പെൺമക്കൾക്കുള്ള പെൻഷൻ | ₹1,56,400 | 13 |
| വിവാഹ ധനസഹായം | ₹90,000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.07.2018ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3047/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ലഭിക്കുന്ന അപേക്ഷകൾക്ക് രസീതുകൾ നൽകുകയും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുകയും ചെയ്യുന്നു. രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് കുറ്റമറ്റ രീതിയിലാണ്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ രേഖപ്പെടുത്തിയ ജോലിവിഭജന രേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജനപ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. സോഫ്റ്റ് വെയറിലൂടെ പ്രവർത്തിക്കുന്ന

അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ പഞ്ചായത്തിലെ എല്ലാ വരവുകളും രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിപാലിക്കുന്നുണ്ട്. ആസ്തിരജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ധന ഇടപാടുകൾ സുതാര്യവും കുറ്റമറ്റതാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14.06.2018 | 4/18,5/18 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 11.4.2017 | 2012 -13 മുതൽ 2016-17വരെ | 5.6.2017 | ഇല്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. ആസ്തികളിൽ താഴെപ്പറയുന്നവയ്ക്ക് തൻവർഷം ഡിപ്രീസിയേഷൻ നൽകിയിട്ടില്ല.

   1. സിവെറേജ് & ഡ്രെയിനേജ്
   2. പബ്ലിക് ലൈറ്റിംഗ്

2. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ബി-11 (എ) തുക 570682/-രൂപയാണ്. എന്നാൽ പാർട്ട് ബിൽ നൽകിയ തുകകൾ (239271 + 294929 = 534200) രൂപയാണുള്ളത്. വ്യത്യാസം വന്ന 36482/-രൂപ ഫൈനൽ ബിൽ ആയ തുകയാണ്. ആയത് ഫിക്സഡ് അസ്സറ്റ്-ൽ ഉൾപ്പെടുത്തിയിട്ടില്ല. RP-40 capital work in progress – 34,28,674/- രൂപ കാണിച്ചിട്ടുള്ളതിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

3. 2017-18 സാമ്പത്തിക വർഷം (31.3.18 ) water charge for drinking water scheme payable demand തുക വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് പ്രകാരം 4,40,63,968/-രൂപയാണ്. തൻവർഷം M7(NR) ൽ നിന്നും 5,00,000/-രൂപ അടച്ചിട്ടുണ്ട്. എന്നാൽ അടയ്ക്കാൻ ബാക്കിയുള്ള തുകയായി ബാലൻസ് ഷീറ്റിൽ 1,59,17,672/- മാത്രമാണ് ബാധ്യത കാണിച്ചിട്ടുള്ളത്.

4. 2017-18-ൽ movable asset – vehicle head ൽ 21,000/-രൂപ വാങ്ങൽ നടത്തിയിരിക്കുന്നതിന്റെ ആധികാരികത ബോധ്യപ്പെട്ടില്ല കൂടാതെ ടി തുകയ്ക്കുള്ള ആസ്തിക്കല്ല തൻവർഷം തേയ്മാനം രേഖപ്പെടുത്തിയിട്ടുള്ളത്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ആയുർവേദ ഫാർമസി ,റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ, വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വൈദ്യശാലയ്ക്കെതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത പുലർത്തുന്നു.

ശ്രീകുമാര ആയുർവേദ ഫാർമസി എന്ന സ്ഥാപനത്തിൽ ആയുർവേദ മരുന്നു വിൽപ്പന നടത്തുന്നതിനായി ശ്രീ.ചന്ദ്രമോഹനൻ, കാർത്തിക, പന്മന എന്ന വ്യക്തി ലൈസൻസിനായി സമർപ്പിച്ച അപേക്ഷ (നം.932,17/02/2017) സെക്രട്ടറി നിരസിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.10, 11/07/2018) അംഗീകൃത മരുന്നു നിർമ്മാണ കമ്പനികൾ ഏജൻസിയായി അംഗീകരിച്ചിട്ടില്ലാത്തതും, പാരമ്പര്യ വൈദ്യനായി അംഗീകാരമില്ലാത്തതും, എക്സൈസ് വകുപ്പിന്റെ ക്ലിയറൻസ് ഇല്ലാത്തതും കൊണ്ടാണ് ലൈസൻസ് അനുവദിക്കാതിരുന്നത് എന്ന് മറുപടി ലഭിച്ചു.

ടി സ്ഥാപനം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ VI ാം വാർഡിൽ 238 ാം നം.കെട്ടിടത്തിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിച്ചിട്ടും പഞ്ചായത്ത് യാതൊരുനടപടിയും സ്വീകരിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). ട്രേഡേഴ്സ് ലിസ്റ്റ് അനുസരിച്ച് പഞ്ചായത്തുപരിധിയിൽ 4 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങൾ ഒന്നുംതന്നെ ലൈസൻസ് എടുത്തിട്ടില്ല. ടി സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ഉടമ | തുക | രസീത് നം.തീയതി |
|---|---|---|---|
| 2 | ഓമന | 360/- | 11702102500/ 20.03.2018 |
| 6 | പ്രസന്നകുമാരി | 360/- | 11702102508/ 21.03.2018 |
| 13 | രവീന്ദ്രൻപിള്ള | 360/- | 11702102553/ 27.03.2018 |
| 13 | രാജേന്ദ്രക്കുറുപ്പ് | 360/- | 11702102557 / 28.03.2018 |

പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാതിരിക്കുന്നതിന്റെ കാരണം വിശദീകരിക്കുകയും ലൈസൻസ് നൽകുകയും ചെയ്യണം. മുൻവർഷങ്ങളിലെ ലൈസൻസ് ഫീ ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാളത്തിൽ റോഡ് നിർമ്മാണം - അപാകതകൾ

പ്രോജക്റ്റ് നം - 60/16

അടങ്കൽ - ₹ 2,32,000/-

കരാറുകാരൻ - മൻമദൻ പിള്ള

എഗ്രി നം - 18/ae/lsgd/dt 11-9-15

എഗ്രീഡ് പി എ സി - ₹ 2,31,636/-

ബിൽ നം – തീയതി -7/dt 29-7-17

15-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിയിൽ 155m നീളത്തിലും 3.20m വീതിയിലും എർത്ത് ഫില്ലിംഗ് നടത്തി റോഡ് ഗതാഗത യോഗ്യമാക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. 11-9-2015- ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ചെങ്കിലും പണി പൂർത്തികരിച്ചത് 27-2-17 ൽ മാത്രമാണ്.

ജി.ഒ.(പി)13/12/pwd, dt1-2-12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ, അതത് നിർവ്വഹണ ഘട്ടത്തിലെ നിർമ്മാണ പ്രശ്നങ്ങൾ മൂലം പ്രവർത്തികൾ പൂർത്തീകരിക്കേണ്ട കാലാവധി ദീർഘിപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപ് തന്നെ അപേക്ഷിക്കേണ്ടതും ഒറിജിനൽ സമയത്തിന്റെ 25% ദീർഘീകരണം (ഫൈൻ ഇല്ലാതെ) നല്കാവുന്നതുമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമേ ദീർഘിപ്പിക്കാൻ പാടുള്ളൂ. പൂർത്തീകരണ കാലാവധിക്കകം തന്നെ ദീർഘീകരണ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന സമർപ്പിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്.

എന്നാൽ ഇവിടെ മേൽ നടപടികളൊന്നും പാലിച്ചിട്ടില്ല. സമയപരിധി ദീർഘിപ്പിക്കണമെന്നുള്ള കോൺട്രാക്ടറുടെ അപേക്ഷയോ, കാലാവധി ദീർഘിപ്പിച്ച് നല്കികൊണ്ടുള്ള പഞ്ചായത്ത് കമ്മറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി (നം 1-dt 9-7-18) -ക്കുള്ള മറുപടിയിൽ ശ്രീ.ശിവപ്രസാദ് എന്നയാൾ ഈ നിർമ്മാണ പ്രവൃത്തിക്ക് എതിരെ പഞ്ചായത്തിന് വക്കീൽ നോട്ടീസ് നല്കുകയും നിർമ്മാണ പ്രവൃത്തി തടസ്സപ്പെടുത്തുകയും ചെയ്തതിനാലാണ് പണി പൂർത്തീകരിക്കാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ ഈ മറുപടിക്ക് ആധാരമായ രേഖകളോ പ്രവൃത്തിയുടെ പൂർത്തീകരണം ദീർഘിപ്പിച്ച് കൊണ്ടുള്ള കമ്മറ്റി തീരുമാനമോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പുതുക്കിയ പി ഡബ്ളിയു. ഡി മാന്വൽ 2116.1 പ്രകാരം പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. ഇതുപ്രകാരം 11-9-15 മുതൽ 27-2-17 വരെയുള്ള കാലയളവിലേക്ക് താഴെ പറയും പ്രകാരമുള്ള തുക ലിക്വിഡേറ്റഡ് ഡാമേജായി കോൺട്രാക്ടറിൽനിന്നോ അതിന് സാധിക്കാത്ത സാഹചര്യമുണ്ടായാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

11-9-15മുതൽ 27-2-17വരെ ആകെ ദിവസങ്ങൾ - 532 ദിവസങ്ങൾ

ഈടാക്കേണ്ട തുക - 532 /7 = 77 x 232/- = 17,864/-രൂപ

പ്രസ്തുത പ്രവൃത്തി എ.ഇ യുടെ സാന്നിദ്ധ്യത്തിൽ പ്രാദേശികമായി പരിശോധിച്ചപ്പോൾ റോഡിന്റെ മധ്യഭാഗത്ത് കൂടി ജില്ലാപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഓട ഏകദേശം 50 cm ഉയരത്തിൽ നിർമ്മിച്ചിരിക്കുന്നു. ഇതു മൂലം ടി റോഡ് കൊണ്ട് യാതൊരു പ്രയോജനവുമില്ലാത്ത അവസ്ഥയാണ്. ഇനിയും ഇത് ഒരു റോഡായി മാറ്റണമെങ്കിൽ ഇപ്പോൾ ചെയ്ത ഫില്ലിംഗ് പ്രവൃത്തികൾ വീണ്ടും ചെയ്യേണ്ടതുണ്ട് . ഇതുമൂലം ഇപ്പോൾ ചെയ്ത പ്രവൃത്തികൾ പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. ഈ സാഹചര്യം പഞ്ചായത്തു സമിതി പരിശോധിച്ച് പോംവഴി കണ്ടത്തേണ്ടതുണ്ട്. പഞ്ചായത്തിന് നഷ്ടമുണ്ടാകാത്ത തരത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വികസനസ്റ്റാൻഡിംഗ് കമ്മറ്റിയോ, മരാമത്ത് പ്രവൃത്തികൾക്കായുള്ള വർക്കിംഗ് ഗ്രൂപ്പോ ഈ പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.







## 3-2 പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം- 61/18

അടങ്കൽ- ₹ 5,00,000/-(വികസന ഫണ്ട്-എസ്.സി.പി)

ചെലവ്- ₹ 2,07,000/-

ബിൽനം-7/17-18; 22.01.2018

നിർവഹണം-വി.ഇ.ഒ

പദ്ധതിയിലുൾപ്പെട്ട സുജാത,മണിയങ്കര കോളനി,വടക്കും ഭാഗം,ചവറ സൗത്ത് എന്ന ഗുണഭോക്താവ് 80,000/-രൂപയും സിന്ധു, അഭിഷേക് ഭവനം, മാലി ഭാഗം, ചവറ സൗത്ത് എന്നീ ഗുണഭോക്താവ് 27,000/-രൂപയും കൈപ്പറ്റിയിട്ടുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷം പണി പൂർത്തീകരിച്ചിട്ടില്ല. ധനസഹായമിനത്തിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഇവർ പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5; 10.07.18) ലഭ്യമാക്കിയ മറുപടിയിൽ, ഇവർക്ക നൽകുവാനുള്ള ബാക്കി തുക ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും സെപ്റ്റംബർ മാസത്തോടു കൂടി പഠനമുറി പൂർത്തീകരിക്കുമെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൽ ഹാജരാക്കിയിട്ടില്ല 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്- ഭവന പുനരുദ്ധാരണം (ജനറൽ)

പ്രോജക്റ്റ് നം – 57/18

അടങ്കൽ – ₹ 19,50,000

ചെലവ് – ₹ 19,00,000 (വികസന ഫണ്ട് – പൊതുവിഭാഗം)

ബിൽ നം – 4/17-18; 28.10.2017

നിർവഹണം - വി.ഇ.ഒ
ഭവനപുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി മേൽക്കൂര മാറ്റി പുതിയവ സ്ഥാപിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ 50,000/-രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഫിഷറീസ് വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

1. റജീന യോഹന്നാൻ, കെ.പി വിലാസം, വടക്കുംഭാഗം
2. എൽസി പാപ്പച്ചൻ, കല്ലും പുറത്ത് ഇറക്കം, മാലിഭാഗം
3. വിശ്വനാഥൻ,തെങ്ങഴത്ത്, തെക്കുംഭാഗം
4. മേബിൾ അൽഫോൻസ്, ക്രിസ്റ്റീനാ ഭവൻ, തെക്കും ഭാഗം

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/10.07.18) ലഭ്യമാക്കിയ മറുപടിയിൽ ഇവർ നൽകിയ സാക്ഷ്യപത്രങ്ങൾ ഫയലുകൾ ക്രമീകരിക്കുന്നതിനിടയിൽ നഷ്ടപ്പെട്ടതാണെന്നും, ബന്ധപ്പെട്ട വകുപ്പിൽ നിന്നും വാങ്ങി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതുവരെ ഗുണഭോക്താക്കൾക്ക് നൽകിയ 2,00,000/-രൂപ (50000 x 4) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 അർഹതയില്ലാത്ത കാലയളവിൽ തൊഴിൽ രഹിത വേതനം വേതനം നൽകി

തൊഴിൽ രഹിത വേതനമിനത്തിൽ അർഹമായ പ്രായപരിധി കഴിഞ്ഞിട്ടും വേതനം നൽകിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര് വിവരം | ജനന-ത്തീയതി | അർഹമായ കാലയളവ് | നൽകിയ വേതനം, തീയതി | അധികം നൽകിയത് | റിമാർക്ക്സ് |
|---|---|---|---|---|---|
| ഹരിപ്രിയ, കാട്ടോലി കിഴക്കതിൽ | 30.05.1981 | 5/2016 | 12/15-7/16<br>960/-<br>(5.9.16) | 240 (2x120) | 6/16, 7/16 മാസങ്ങളിൽ അധികം നൽകി |
| സുജാകുമാരി, ആതിര | 30.05.1979 | 5/2014 | 4/14-8/14<br>-600,<br>28.3.2014 | 360 (3x120) | 6/14, 7/14,<br>8/14 മാസങ്ങളിൽ അധികം നൽകി |
| മേഘന, തറവയലിൽ, നടുവത്തുചേരി | 15.05.1977 | 5/12 | 5/12-10/12<br>-720<br>13.9.13 | 600 (5x120) | 6/12, 7/12, 8/12, 9/12, 10/12 മാസങ്ങളിൽ അധികം നൽകി |

| | | | | | |
|---|---|---|---|---|---|
| ധന്യ.പി, ചെറിയ മേനേഴത്ത് പുതുവയൽ | 25.5.1982 | 5/2017 | 3/17-5/17<br>-600<br>23.8.17 | 240 | 360 രൂപ നൽകുന്നതിന് പകരം 600 രൂപ നൽകി.<br>240 രൂപ അധികം നൽകി |
| | | | ആകെ | ₹ 1,440/- | |

അർഹമായ പ്രായപരിധി കഴിഞ്ഞ് വേതനം നൽകിയ നടപടി അംഗീകരിക്കത്തക്കതല്ല. തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 3-5 കേരള വാട്ടർ അതോറിറ്റിക്ക് നാലരക്കോടിയോളം രൂപ വെള്ളക്കരം കുടിശ്ശിക

തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിൽ വെള്ളക്കരമിനത്തിൽ മാർച്ച് 2018 വരെ 4,40,63,968/-രൂപ കുടിശ്ശികയുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 458 വാട്ടർ ടാപ്പുകളാണ് നിലവിലുള്ളത്. Rate/tap/year 5250/- രൂപയാണ്. ഫൈൻ ആയി 2% തുക മാസം തോറും ഉൾപ്പെടുത്തുകയും ചെയ്യുന്നു. മാർച്ച് 2018 വരെ ഫൈൻ ആയി 8,43,917/- രൂപ ഒടുക്കുവാനുണ്ട്.

എല്ലാ വർഷവും വെള്ളക്കരമിനത്തിൽ ഒരു നിശ്ചിത തുക പഞ്ചായത്ത് ഒടുക്കു വരുത്തുന്നുണ്ടെങ്കിലും വെള്ളക്കരം കുടിശ്ശിക ഭീമമായി നിലനിൽക്കുന്ന അവസ്ഥയാണുള്ളത്.

2017-18 വർഷം 500000 രൂപ (ബിൽ നം.5/17-18/13.7.17) വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/10.7.18) കുടിശ്ശികയിനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക അവസ്ഥ പരിഗണിച്ച് ഒഴിവാക്കി നൽകണമെന്നും നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം ജോയന്റ് ഇൻസ്പെക്ഷൻ നടത്തി ക്രമീകരിക്കണമെന്നും കാണിച്ച് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ജലവിഭവ വകുപ്പ് മന്ത്രിക്കും ബന്ധപ്പെട്ട അധികാരികൾക്കും നൽകിയിട്ടുള്ളതാണ്. ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. കേരള വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും സംയോജിതമായി മൂന്നു വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും ബാക്കി വാർഡുകളിലെ സംയുക്ത പരിശോധന ഉടൻ പൂർത്തീകരിക്കുന്നതുമാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത് .

പഞ്ചായത്തിൽ വർഷങ്ങളായി ഗാർഹിക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ഗാർഹിക കണക്ഷനും നൽകി വരുന്നു. ആയതിനാൽ വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ ഭീമമായ ബാധ്യത ഒഴിവാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിലെ തുകകൾ ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുക കിഴിച്ചും ടാപ്പുകളുടെ എണ്ണം കണക്കാക്കിയുള്ളതാണെന്നും ഉറപ്പുവരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-1479907/-രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോ ദ്യോഗസ്ഥൻ | പദ്ധതി , നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| സെക്രട്ടറി | സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ ലൈൻ സ്ഥാപിക്കൽ (നം.5/18) | ₹ 6,33,000/- പ്ലാൻ | ₹5,29,907/- | 1.493475-43 /17-18 /23.2.2018 2.36432- 45/17-18/ 9.3.18 | തേവലക്കര കെ.എസ്.ഇ.ബി യിൽ 4,93,475/- രൂപയും,ചവറ കെ.എസ്.ഇ.ബിയിൽ ₹36,432/- രൂപയും ഒടുക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| കൃഷി ഓഫീസർ | കണ്ടലഴക് (14/18) | ₹1,00,000/- പ്ലാൻ | ₹1,00,000/- | 1/17-18/ 28.9.17 | അഷ്ടമുടി കായൽ തീര സംരക്ഷണവും കണ്ടൽച്ചെടി വച്ചു പിടിപ്പിക്കലും ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയത്. |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഭിന്നശേഷി യുള്ളവർക്ക് സൈഡ് വീലോഡ് കൂടിയ സ്കൂട്ടർ (20/18) | ₹3,00,000/- പ്ലാൻ | ₹3,00,000/- | 2/17-18 /1.8.17 | ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയത്. |
| വെറ്റിനറി സർജൻ | കന്നുകുട്ടി പരിപാലന പദ്ധതി (137/18) | ₹5,50,000/- പ്ലാൻ | ₹5,50,000/- | 14/17-18 /6.3.18 | കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയത്. |
| | | ആകെ | ₹14,79,907/- | | |

വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 3-7 മരുന്നുകൾ ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മെഡിക്കൽ ഓഫീസർമാർ നിർവഹണം നടത്തിയ വിവിധ പദ്ധതികൾപ്രകാരം മരുന്നുകൾ ലഭിക്കുവാനുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് / നം . | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ലഭ്യമാക്കിയ മരുന്നിന്റെ മൂല്യം | ലഭിക്കു വാനുള്ളത് |
|---|---|---|---|---|
| വൃദ്ധജനങ്ങൾക്ക് പ്രതിരോധ മരുന്ന് | മെഡിക്കൽ ഓഫീസർ ആയുർവേദം | ₹2,00,000 ബിൽ നം. | ₹ 1,97,620 | ₹2,380/- |

| | | | | |
|---|---|---|---|---|
| (52/18) | | 4/2017- 18, 28-9-2017<br>ഔഷധി | | |
| ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (43/18) | മെഡിക്കൽ ഓഫീസർ ആയുർവേദം | ₹ 2,00,000<br>ബിൽ നം. 7/2017-18, 17-10-17<br>ഔഷധി | ₹ 1,92,334 | ₹ 7,666/- |
| പാലിയേറ്റീവ് കെയർ (71/18) | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. | ₹1,90,100<br>ബിൽനം . 47/2017-18, 13-03-2018 | - | ₹ 1,90,100 |

മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 2, 9.7.18, നം. 7 10.07.18) മരുന്നുകൾ ബന്ധപ്പെട്ട ഏജൻസികൾവഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ₹19,50,000 | 18/18 (ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്)<br>79/18 (അഗതി/ആശ്രയ വീട് മെയിന്റനൻസ്)<br>16/18 (അംഗൻവാടി അനുപൂരക പോഷകാഹാരം)<br>81/18 (ക്ഷീരകർഷകർക്ക് പലിശ സബ്സിഡി) | ₹ 16, 50, 000 | ₹ 3 00,000 |
| ജില്ലാ പഞ്ചായത്ത് | ₹ 5,00,000 | യു.പി.സ്കൂൾ കെട്ടിടം മെയിന്റനൻസ് പ്രോജക്ട് നം. 49/18 | - | ₹ 5,00,000 |
| കേന്ദ്ര വിഹിതം | ₹ 7,06,936 | 76/18 അങ്കണവാടി പോഷകാഹാരം | - | ₹ 7,06,936 |

.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം (KSEB, KWA, GWD എന്നിവയിലെ വിവരം പ്രത്യേകം ഉൾപ്പെടുത്തുക)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അലോട്ട്മെന്റ് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 17030752098 401048035 | ₹5,29,907 | ₹5,29,907 | പൂർത്തീകരിച്ച | - |

| | | | | | | | |
|---|---|---|---|---|---|---|---|
| ബോർഡ് | (5/18) | /21.02.18 | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹500 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ₹500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ല ഭ്യമല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3665/- രൂപ ഈടാക്കിയിട്ടുണ്ട്. (ഓഡിറ്റ് റിപ്പോർട്ട്-2016-17, ഖ.3.7-3665/-രൂപ രസീത് നം.11702101490/19.2.18 പ്രകാരം ഒടുക്കു വരുത്തി.) ഒടുക്കിയ ആളിന്റെ പേര് വിവരം - ഗിരിജാ ദേവി,ഐ.സി.ഡി.എസ് സൂപ്പർ വൈസർ

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | തുക | രസീത് നം./തീയതി | നം. |
|---|---|---|---|---|---|---|
| 1 | 2008-09 | 3.4<br>3.6<br>3.7 | കെ.സതീശൻ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം | ₹31729 | 11602400005/ 24.01.17 | LF.26373 Sp.Cell/ CSC/ B2-13/19.09.14 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹4,73,10,228/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹4,88,48,630/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹19,304/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹16,79,907/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം -

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.4 | | ₹1,440/- | ശ്രീ.ജി.ശ്രീകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 17,864/- | ശ്രീമതി.സവിത, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | ₹14,79,907/- | 1. ₹5,29,907-സെക്രട്ടറി,ജി.ശ്രീകുമാർ<br>2. ₹1,00,000-കൃഷി ഓഫീസർ,സുരേഷ്<br>3. ₹3,00,000-ഐ.സി.ഡി.എസ് സൂപ്പർവൈസർ,ഗിരിജാ ദേവി<br>4. ₹5,50,000-വെറ്റിനറി സർജൻ,ഷാജി റഹ്മാൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി.ശ്രീകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | ശ്രീഭവൻ, മേനാമ്പള്ളി, മുകുന്ദപുരം പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | KSAKLM/P2/365/18/ 27-3-18 | - |
| 2006 -07 | LFQ.P5.1277(5)/14/17.6.14 | 3 |
| 2007 -08 | LFQ.P5.1277(6)/14/17.6.14 | 2 |
| 2008 -09 | LFQ.P5.1277(7)/14/17.6.14 | 9 |
| 2009 -10 | LFQ.P5.1277(8)/14/17.6.14 | 4 |
| 2010-11 &2011 -12 | LFQ.P5.1277(9)/14/17.6.14 | 9 |

| | | |
|---|---|---|
| 2012-13 | LFQ.P5.126/15/18.05.2015 | |
| 2013-14 & 2014-15 | KSA KLM P5-282/16/12.02.16 | |
| 2015-16 | KSA KLM P5-1798/16/2.12.16 | |
| 2016-17 | KSA KLM P2-1080/17/22.6.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം

.......

## അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം പി 2.1127/2018

തിയതി: 11.09.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്